**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1966** **29-09-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ഓഷ്യനേറിയം/അക്വാപാർക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ ഫിഷറീസ് വകുപ്പിന് 15.12.2007-ൽ കൈമാറി കിട്ടിയ 50 ഏക്കർ ഭൂമിയിൽ ഓഷ്യനേറിയം/ അക്വാപാർക്ക് ആരംഭിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പുതുവൈപ്പിനിൽ ഓഷ്യനേറിയം സ്ഥാപിക്കുന്ന പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് സർക്കാർ വിഭാവനം ചെയ്തിരുന്നത്. അതിനോടനുബന്ധിച്ച് പരിസ്ഥിതി വകുപ്പിന്റെ പ്രാഥമിക അനുമതി ലഭ്യമായെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ടൽ കാടുകൾക്ക് പകരം കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ നടപ്പിലാക്കുന്നതിന്റെ തടസ്സങ്ങൾ മൂലം പദ്ധതി പുരോഗമിക്കാൻ കഴിഞ്ഞിരുന്നില്ല. 03.01.2024-ൽ മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കുന്നതിന് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള തുക ഫിഷറീസ് വകുപ്പിന്റെ ഓഷ്യനേറിയം ശീർഷകത്തിൽ നിന്നും അധികാനുമതി മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും PPP മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനും തീരുമാനിച്ചു.<br><br>പദ്ധതിയുടെ വിവിധ പഠനങ്ങൾ നടത്തുന്നതിനായി ഫണ്ട് ലഭ്യമാക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 3.50 കോടി രൂപ അടങ്കൽ തുകയിൽ "Integrated Aqua park & Oceanarium at Puthuvypin – Project Studies & Preparation of Project Report" എന്ന പദ്ധതിക്ക് അധിക ധനാനുമതി മുഖേന തുക നൽകുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചിരുന്നുവെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്നൊക്കെയാണ് യോഗങ്ങൾ വിളിച്ച് ചേർത്തതെന്നും പ്രസ്തുത യോഗതീരുമാനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (ബി) | 31.03.2023-ന് ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 03.01.2024-ന് മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്നിരുന്നു. യോഗത്തിലെ |

| | | | |
|---|---|---|---|
| | | | നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധം 1, 2 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | പദ്ധതിയുടെ വിവിധ പഠനങ്ങൾ നടത്തുന്നതിനായി ഫണ്ട് ലഭ്യമാക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 3.50 കോടി രൂപ അടങ്കൽ തുകയിൽ “Integrated Aqua park & Oceanarium at Puthuvypin – Project Studies & Preparation of Project Report” എന്ന പദ്ധതിക്ക് ഫിഷറീസ് വകുപ്പിന്റെ ഓഷ്യനേറിയം ശീർഷകത്തിൽ നിന്നും അധിക ധനാനുമതി മുഖേന തുക നൽകുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചിരുന്നുവെങ്കിലും തുക അനുവദിക്കാനായില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

**<u>വൈപ്പിൻ നിയോജക മണ്ഡലത്തിലെ പുതുവൈപ്പിൽ അക്വാപാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 31/03/2023-ന് വൈകിട്ട് 4 മണിയ്ക്ക് ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്</u>**

ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വൈകിട്ട് 4 മണിയ്ക്ക് യോഗം ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജക മണ്ഡലത്തിലെ പുതുവൈപ്പിൽ അക്വാപാർക്ക് സ്ഥാപിക്കുവാൻ കഴിയുമോ എന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ സെക്രട്ടറി ചർച്ച ചെയ്തു.

ചർച്ചയ്ക്ക് ശേഷം താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടു.

പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് Expression of Interest (EOI) ക്ഷണിക്കുന്നതിന് എം.ഡി., കേരള സംസ്ഥാന തീരദേശ വികസന കോർപറേഷന് നിർദേശം നൽകി. **(നടപടി-എം.ഡി., കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ)**

യോഗം 4.30 മണിയ്ക്ക് അവസാനിച്ചു.

<u>യോഗത്തിൽ പങ്കെടുത്തവർ</u>

| ക്രമ നം. | പേര് | തസ്തിക/പദവി |
|---|---|---|
| 1 | ശ്രീ. ഷെയ്ക്ക് പരീത് | മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ |
| 2 | ശ്രീമതി ശ്രീല്യ എൻ. എസ്. | അഡീഷണൽ ഡയറക്ടർ, ഫിഷറീസ് വകുപ്പ് |
| 3 | ശ്രീ.അനിൽ കുമാർ പി. | ജനറൽ മാനേജർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ |
| 4 | ശ്രീ.മഹേഷ് എസ്. | ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഇൻലാൻഡ്) |
| 5 | ശ്രീ ബെൻസൺ കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഇൻലാൻഡ്) |

K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

അനുബന്ധം - 2

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03/01/2024 -ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ എം. എൽ. എ. -യുടെ സാന്നിധ്യത്തിൽ മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ രാവിലെ 11:15 മണിക്ക് യോഗം ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

2. എറണാകുളം ജില്ലയിലെ പുതുവൈപ്പിനിൽ ആധുനിക രീതിയിലുള്ള അക്വാപാർക്ക് സ്ഥാപിക്കുന്നത് സംസ്ഥാനത്തിന് വലിയ മുതൽക്കൂട്ടാവുമെന്ന് മത്സ്യബന്ധന വകുപ്പ് മന്ത്രി ആമുഖമായി പറഞ്ഞു. തുടർന്ന് പദ്ധതി സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കാൻ കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടറോട് മന്ത്രി ആവശ്യപ്പെട്ടു.

3. സമുദ്ര ശാസ്ത്ര ഗവേഷണവും ബോധവത്ക്കരണവും മത്സ്യ ടൂറിസവും ലക്ഷ്യമിട്ട് പുതുവൈപ്പ് വില്ലേജിൽ ഓഷ്യനേറിയം ആൻറ് മറൈൻ ബയോളജിക്കൽ റിസർച്ച് സെൻറർ സ്ഥാപിക്കാൻ 15/12/2007 തീയതിയിലെ സ. ഉ. (സാധാ) ന. 441/07/ആർ.ഡി ഉത്തരവ് പ്രകാരം പുതുവൈപ്പിനിൽ 50 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറ്റം ചെയ്തു. ഓഷ്യനേറിയം സ്ഥാപിക്കുന്നതിന് 2008 വർഷത്തിൽ 350 കോടി രൂപ ചെലവാണ് കണക്കാക്കിയിരുന്നത്. അതേ പടി പദ്ധതി നടപ്പാക്കുകയാണെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഓഷ്യനേറിയവും അനുബന്ധ ഘടകങ്ങൾക്കുമായി ഏകദേശം 800 മുതൽ 1000 കോടി രൂപ വരെ പ്രതീക്ഷിക്കുന്ന വലിയ ചെലവ് വരുമെന്നതിനാൽ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതാണ് അഭികാമ്യമെന്നും കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ വിശദീകരിച്ചു. അക്വാപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം കണ്ടൽക്കാട് നിറഞ്ഞ പ്രദേശമായതിനാൽ പരിസ്ഥിതി വകുപ്പിന്റെ അനുമതിയും തീരദേശ നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഇളവുകളും ലഭ്യമാക്കേണ്ടി വരുമെന്നും തീരദേശ നിയന്ത്രണങ്ങളിൽ നിന്നുള്ള ഇളവിന് വിശദമായ പദ്ധതി രൂപരേഖ (DPR) സഹിതമാണ് അപേക്ഷിക്കേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് രണ്ട് കോടി രൂപ അനുവദിക്കണമെന്നും കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടു.

4. ഓഷ്യനേറിയം പദ്ധതി നടപ്പാക്കാൻ പുതുവപ്പിൻ വളരെ അനുയോജ്യമായ പ്രദേശമാണെന്നും പ്രസ്തുത പ്രദേശത്ത് ഒട്ടേറെ റോഡ് വികസന പദ്ധതികൾ താമസിയാതെ നിലവിൽ വരുമെന്നതിനാൽ വിജ്ഞാന സാധ്യതയോടൊപ്പം അക്വാ ടൂറിസത്തിനും വലിയ സാധ്യതകളാണുള്ളതെന്നും അതിനാൽ പദ്ധതി നടപ്പാക്കേണ്ടത് അനിവാര്യമാണെന്നും ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ എം. എൽ. എ. അഭിപ്രായപ്പെട്ടു. തുടർന്ന നടന്ന ചർച്ചക്ക് ശേഷം ചുവടെ പറയുന്ന തീരുമാനങ്ങളെടുത്തു;

(1) പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കുന്നതിന് വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുന്നതിനുള്ള തുക ഫിഷറീസ് വകുപ്പിന്റെ ഓഷ്യനേറിയം ശീർഷകത്തിൽ നിന്നും അധികാനുമതി മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. **(നടപടി - 1. മാനേജിംഗ് ഡയറക്ടർ, KSCADC, 2. ഫിഷറീസ് ഡയറക്ടർ)**

(2) PPP മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതിന്റെ സാധ്യത കൂടി വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുമ്പോൾ പരിശോധിക്കേണ്ടതാണ്. **(നടപടി - 1. മാനേജിംഗ് ഡയറക്ടർ, KSCADC, 2. ഫിഷറീസ് ഡയറക്ടർ)**

(3) പദ്ധതിക്കായി ബജറ്റിൽ തുക വകയിരുത്തുന്നതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിക്ക് നിയമസഭാംഗത്തിന്റെ കത്ത് നൽകാനും കത്തിന്റെ പകർപ്പ് മത്സ്യബന്ധന വകുപ്പ് മന്ത്രിക്ക് കൂടി ലഭ്യമാക്കാനും ധാരണയായി.

യോഗം ഉച്ചയ്ക്ക് 11.45 മണിയ്ക്ക് അവസാനിച്ചു.

സജി ചെറിയാൻ
MINISTER

<u>അനുബന്ധം</u>

<u>യോഗത്തിൽ പങ്കെടുത്തവർ</u>

| ക്രമ നം. | പേര് | തസ്തിക/പദവി |
|---|---|---|
| 1 | ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ എം. എൽ. എ. | വൈപ്പിൻ നിയോജക മണ്ഡലം |
| 2 | ഡോ. അദീല അബ്ദുള്ള IAS | ഫിഷറീസ് ഡയറക്ടർ |
| 3 | ശ്രീ.ഷേയ്ക്ക് പരീത് | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ |
| 4 | ശ്രീ. ജോമോൻ കെ. ജോർജ്ജ് | ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് |
| 5 | ശ്രീമതി ശ്രീലു എൻ.എസ്. | ഫിഷറീസ് അഡീഷണൽ ഡയറക്ടർ |
| 6 | ശ്രീ.ഇഗ്നേഷ്യസ് മൺട്രോ | മാനേജിംഗ് ഡയറക്ടർ, അഡാക്ക് |
| 7 | ശ്രീമതി ബേബി ഷീജ കോഹൂർ | ജനറൽ മാനേജർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ |
| 8 | ഡോ.ബി.സന്തോഷ് | ഹെഡ്, സി.എം.എഫ്.ആർ.ഐ., വിഴിഞ്ഞം |
| 9 | ഡോ. ഷെറിൻ സോണിയ കൃബലിയോ | സയന്റിസ്റ്റ്, സി. എം. എൽ. ആർ. ഇ. |
| 10 | ഡോ.അംബരീഷ് പി. ഗോപ് | സയന്റിസ്റ്റ്, സി.എം.എഫ്.ആർ.ഐ. |